Page 1 of 1

കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും XI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### 3. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VII അനുമോദനം

മി. സ്പീക്കർ: നിങ്ങൾ രണ്ടുമൂന്ന് ദിവസമായി ധനകാര്യ വകുപ്പു മന്ത്രിയെ വാനോളം പുകഴ്ത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ ജന്മദിനമാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് എല്ലാവിധ ജന്മദിനാശംസകളും സഭയ്ക്കുവേണ്ടി ഞാൻ അറിയിക്കുന്നു. അദ്ദേഹത്തിന്റെപോരാട്ടം സഭയ്ക്കുള്ളിലും പുറത്തും ഇനിയും തുടരട്ടെ.

## VIII ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99,2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷത്തേക്കുള്ള അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷത്തേക്കുള്ള അധിക ധനാഭ്യർത്ഥനകളും താഴെ പറയുന്ന മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച പ്രമേയങ്ങളും അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,18,78,000 രൂപയുടേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,80,000 രൂപയുടേയും ഉപ ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly